ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി-സി) വിവരം ശേഖരിച്ചുവരുന്നു.

ദുരിതാശ്വാസനിധിയിൽനിന്നും ധന അനുവദിക്കുന്നതിനുള്ള അപേക്ഷ

65 (70) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ ബസിലിക്ക പള്ളിക്ക് സമീപം പാറേടത്ത് വീട്ടിൽ ശാരി ആന്റണി ടി കുട്ടിയുടെ അമ്മയുടെ മരണത്തെ തുടർന്ന് ദുരിതാശ്വാസനിധിയിൽനിന്നും ധന അനുവദിച്ച് കിട്ടുന്നതിനായി 18-5-2015-ന് സമർപ്പിച്ച അപേക്ഷയിൽ (No.4337/VIP/CM/2015) സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ ;

(ബി) കുടുംബത്തിന്റെ ദയനീയാവസ്ഥ കണക്കിലെടുത്ത് അടിയന്തരമായി ധന അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 27-11-2015-ലെ സർക്കാർ ഉത്തരവ് (ആർ‌റ്റി.)നമ്പർ 633/ 15/ റവ.-ലെ ക്രമനമ്പർ 17 പ്രകാരം ശാരി ആന്റണിക്ക് അമ്മ അപകട മരണത്തിൽപ്പെട്ടതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1,00,000/-(ഒരു ലക്ഷം രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്.

പൊതുകടം

65 (70) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള സർക്കാരിന്റെ പൊതുകടം എത്രയാണ്; ഇവയിൽ 2016-17 മുതൽ 2020-21 വരെ ഓരോ വർഷവും തിരിച്ചടക്കേണ്ടവ, പലിശ സഹിതം എത്ര കോടി രൂപ വീതം വരും; വിശദമാക്കാമോ ;

(ബി) 2015-16 കാലയളവിൽ എത്ര കോടി രൂപയുടെ കടം എടുക്കേണ്ടതായി വരുമെന്ന് കണക്കാക്കുന്നു; കടം എടുക്കാവുന്ന, കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ച പരിധി എത്രയാണ് ?

LIBRARY ARCHIVES Kerala Legislative Assembly